# നെയ്യാറ്റിൻകര ലത്തീൻ രൂപത

## ചരിത്രവും സംസ്കാരവും

**പി.ദേവദാസ്**

**ചീഫ് എഡിറ്റർ**

# Neyyattinkara Latheen Roopatha

## Charithravum Samskaravum

*(Malayalam - Church History)*


*Managing Editor* : Msgr. G. Christudas

*Chief Editor* : **P. Devadas**

*Members* : Rev. Fr. D. Shajkumar, Dr. B. Sobhanan &
Prof. S.Raimon

*First Published* : 01-05-2009

*Published by* : Msgr. G. Christudas
Vicar General
Latin Diocese of Neyyattinkara
Neyyattinkara - 695 123.
Ph: 0471-2227137 (P), 2223133, 2220693
Fax: 0471-2222262 (Mob.) 9847069309
E-mail: ntabishopshouse@yahoo.co.in
Website: www.ntadiocese.org



*Copyright* : Latin Diocese of Neyyattinkara



*Cover Design* : Sam Isac

*Photography* : V.R.Santhosh Aralummoodu & John P.


*Typesetting* : Joy A.

*Printed at* : Grace Printers
T.K.D. Road, Muttada,
Thiruvananthapuram
Ph : 0471- 2540523

*Price* : Rs. 500/-



St. Joseph the Worker
Heavenly Patron
Latin Diocese of Neyyattinkara



His Holiness Pope Benedict XVI
Our Pope
The New Era of Leadership



His Grace Most Rev. Dr. Pedro Lopez Quintana
Apostolic Nuncio to India



His Grace Most Rev. Dr. Soosapakiam M.
Archbishop
Latin Arch Diocese of Trivandrum



His Excellency Rt. Rev. Dr. Vincent Samuel
Bishop
Latin Diocese of Neyyattinkara



His Excellency Rt. Rev. Dr. Selvister Ponnumuthan
Bishop
Latin Diocese of Punalur

# Editorial Board



Rt. Rev. Msgr. G. Christudas
Vicar General
Latin Diocese of Neyyattinkara
*Managing Editor*



Sri. P. Devadas
Arayoor,
Plamoottukada
***Chief Editor***



Dr. B. Sobhanan
Head, Department of History
University of Kerala
***Member***



Rev. Fr. D. Shajkumar
Director, NIDS
***Member***



Prof. S. Raimon
Dept. of History
University College
Thiruvananthapuram
***Member***

# സമർപ്പണം

സുവിശേഷ സാക്ഷ്യത്തിലൂടെ
അന്ധകാരത്തിൽ നിന്ന്
പ്രകാശത്തിലേക്ക്
ഇന്നാട്ടിലെ ജനങ്ങളെ
കൈപിടിച്ചു നടത്തിയ
മിഷനറിമാർക്ക് ...............

സാമൂഹ്യതിന്മകൾക്കും
അനാചാരങ്ങൾക്കുമെതിരെ
സമൂഹമന:സാക്ഷിയെ
തൊട്ടുണർത്തിയ
മനുഷ്യസ്നേഹികൾക്ക് ...........

ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെ
വിശ്വാസം കാത്തുപാലിച്ച്
വചനം ജ്വലിപ്പിച്ചശേഷം
കാലയവനികയ്ക്കുള്ളിൽ മറഞ്ഞ
മുൻഗാമികൾക്ക് ............

മനുഷ്യനന്മയ്ക്കായി
സർവം സമർപ്പിച്ച
ആ ധന്യജീവിതങ്ങളുടെ
ദീപ്തമായ സ്മരണയ്ക്കു മുന്നിൽ
സാദരം സമർപ്പിക്കട്ടെ
ഈ ചരിത്രഗ്രന്ഥം ...........

എഡിറ്റോറിയൽ ബോർഡ്

# അവതാരിക

*ഒരു ജനതയുടെ യഥാർത്ഥ ചരിത്രം അവരുടെ സാമൂഹിക ചരിത്രമാണ്. നെയ്യാറ്റിൻകര രൂപതയിലെ ലത്തീൻ കത്തോലിക്കാ സമുദായ ചരിത്രത്തിന് തിരുവിതാംകൂറിന്റെ സാമൂഹിക ചരിത്രവുമായി അഭേദ്യമായ ബന്ധമുണ്ട്. വൈവിദ്ധ്യമാർന്ന ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ യഥാർത്ഥ പതിപ്പാണ് നെയ്യാറ്റിൻകര രൂപതയിൽ ദൃശ്യമാകുന്നത്.*

*കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ നെയ്യാറ്റിൻകരയ്ക്ക് പ്രത്യേക പ്രാധാന്യമാണുള്ളത്. കേരളത്തിന്റെ സാമൂഹിക നവോത്ഥാന നായകന്മാരായിരുന്ന ശ്രീ. വൈകുണ്ഡസ്വാമി, ശ്രീ. നാരായണഗുരു, ശ്രീ. അയ്യൻകാളി, ശ്രീ. ചട്ടമ്പിസ്വാമി എന്നിവരുടെ പ്രവർത്തനമേഖലയായിരുന്നു നെയ്യാറ്റിൻകര. കർമ്മലീത്താമിഷനറിമാരുടെ കർമ്മഭൂമിയും നെയ്യാറ്റിൻകര തന്നെയാണ്. "Neyyattinkara is the heart of our mission" എന്നാണ് നെയ്യാറ്റിൻകര മിഷനെ കർമ്മലീത്താ മിഷനറിമാർ വിശേഷിപ്പിച്ചിരുന്നത്. കേരളത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ നെയ്യാറ്റിൻകരയുടെ സംഭാവന നിസ്തുലമാണ്. സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, വീരരാഘവൻ, കുഞ്ഞൻ നാടാർ തുടങ്ങിയ ധീരദേശാഭിമാനികളുടെ വീരസ്മരണകൾ നമ്മുടെ നാടിനെ പുളകമണിയിക്കുന്നു.*

*നെയ്യാറ്റിൻകരയുടെ സവിശേഷമായ സാമൂഹിക സാംസ്കാരിക പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ചരിത്രഗ്രന്ഥം നാം തയ്യാറാക്കിയിരിക്കുന്നത്. നമ്മുടെ രക്ഷാകര പ്രവർത്തനങ്ങളുടെയും ദൈവരാജ്യനിർമ്മിതിക്ക് നാം നടത്തുന്ന പ്രവർത്തനങ്ങളുടെയും വസ്തുനിഷ്ഠമായ ഒരു അവലോകനമാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കേരളത്തിലെ കത്തോലിക്കാസഭയുടെ ചരിത്രപശ്ചാത്തലത്തിൽ നെയ്യാറ്റിൻകര രൂപതയുടെ ആവിർഭാവത്തെക്കുറിച്ചും നമ്മുടെ പ്രവർത്തന മണ്ഡലങ്ങളെക്കുറിച്ചും നമ്മുടെ ഇടവകകളെക്കുറിച്ചും വിശദമായി ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.*

*മുഴുവൻ അജപാലകരുടെയും വിശ്വാസികളുടെയും സഹകരണം ലഭിച്ചതുകൊണ്ടാണ് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സമയബന്ധിതമായി ഈ ഗ്രന്ഥം നമുക്ക് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞത്. എഴുതപ്പെട്ട ചരിത്രങ്ങളൊന്നും ഒരിക്കലും പൂർണ്ണമെന്ന് പറയുവാൻ സാധ്യമല്ല. അതുകൊണ്ടുതന്നെ നമ്മുടെ ചരിത്രഗ്രന്ഥവും സമ്പൂർണ്ണമാണെന്ന് നാം അവകാശപ്പെടുന്നില്ല. എന്നാലും ജനകീയമായ പ്രക്രിയയിലൂടെ സമഗ്രമായി തയ്യാറാക്കപ്പെട്ട ഒരു ചരിത്രഗ്രന്ഥമായി നമുക്കിതിനെ കണക്കാക്കാം. ന്യൂനതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കപ്പെട്ടാൽ അവ തിരുത്തി പൂർണ്ണത വരുത്തുവാൻ നമുക്ക് ഇനിയും സാധിക്കും. ഈ ചരിത്രഗ്രന്ഥപ്രസിദ്ധീകരണ സംരംഭത്തിന് മുഖ്യനേതൃത്വം നൽകിയ മോൺ. ജി. ക്രിസ്തുദാസിനും ശ്രീ. പി. ദേവദാസിനും എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും മറ്റെല്ലാവർക്കും ഞാൻ പ്രത്യേകം നന്ദിയർപ്പിക്കുന്നു.*

*തെക്കേ ഇന്ത്യയുടെ സുവിശേഷവൽക്കരണത്തിന് നേതൃത്വം കൊടുക്കുന്ന നെയ്യാറ്റിൻകര രൂപതയ്ക്ക് കിട്ടിയിരിക്കുന്ന ഈ ചരിത്രഗ്രന്ഥം ഇനിയും ഏറെ മുന്നോട്ടുപോകുന്നതിന് നമ്മെ സഹായിക്കുമെന്ന് ഞാൻ കരുതുന്നു. ദൈവവിശ്വാസവും സനാതനസത്യങ്ങളും ധാർമ്മികമൂല്യങ്ങളും പ്രചരിപ്പിക്കുന്നതിന് യത്നിക്കുന്ന എല്ലാവർക്കും ഈ ഗ്രന്ഥം പ്രചോദനം നൽകുമെന്നും ഞാൻ പ്രത്യാശിക്കുന്നു. അതിനാൽ ഏറെ സന്തോഷത്തോടും അഭിമാനത്തോടുംകൂടെ ഈ ചരിത്രഗ്രന്ഥം എല്ലാവരുടേയും പഠനത്തിനും പരിചിന്തനത്തിനും വിശകലനത്തിനുമായി ഞാൻ അവതരിപ്പിക്കുന്നു.*

***റൈറ്റ്. റവ. ഡോ. വിൻസെന്റ് സാമുവൽ***
*നെയ്യാറ്റിൻകര രൂപതാ മെത്രാൻ*

*മെത്രാസനമന്ദിരം*
*നെയ്യാറ്റിൻകര*
*01- 05-2009.*

# ആമുഖം

ദീർഘനാളത്തെ പരിശ്രമഫലമാണ് ***നെയ്യാറ്റിൻകര ലത്തീൻ രൂപത - ചരിത്രവും സംസ്കാരവും*** എന്ന ഈ ഗ്രന്ഥം. കേരളജനതയുടെ, പ്രത്യേകിച്ച് നെയ്യാറ്റിൻകര രൂപതാമക്കളുടെ, മത - സാമൂഹിക - സാംസ്കാരിക - വിദ്യാഭ്യാസ പശ്ചാത്തലവും സുവിശേഷസ്വീകരണത്തിനുശേഷം അവർക്കുണ്ടായ വളർച്ചയും ഇതിൽ അനാവരണം ചെയ്യുന്നു.

തെക്കൻ തിരുവിതാംകൂറിന്റെ സാമൂഹിക നവോത്ഥാനത്തിൽ സുവിശേഷപ്രചാരണത്തിനായി വന്ന വിദേശ മിഷനറിമാർ അനുഷ്ഠിച്ച സേവനങ്ങൾ ശ്ലാഘനീയവും ദൂരവ്യാപകമായ സ്വാധീനം ചെലുത്തിയിട്ടുള്ളവയുമാണ്. വീടും നാടും വിട്ട് കേരളത്തിലെത്തി ഒരിക്കൽപോലും നാട്ടിലേക്കു മടങ്ങാതെ സർവ്വം സമർപ്പിച്ച എത്രയോ മിഷനറിമാരാണ് മലയാളമണ്ണിലുറങ്ങുന്നത്! നൂറ്റാണ്ടുകളോളം സാധാരണ മനുഷ്യനു ഭീഷണിയായി നിലവിലിരുന്ന സാമൂഹ്യവ്യവസ്ഥിതിക്കെതിരെ നീതിക്കുവേണ്ടി പോരാടിയ മിഷനറിമാരുടെയും മറ്റു നിരവധി മനുഷ്യസ്നേഹികളുടെയും ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളാണ് ഇന്നാട്ടിലെ ജനങ്ങളെ ഇരുളിൽനിന്നു വെളിച്ചത്തിലേക്കു നയിച്ചത്. അവരുടെ ആത്മാർപ്പണത്തിന്റെ മുന്നിൽ ഇന്നത്തെ തലമുറ ഏറെ കടപ്പെട്ടിരിക്കുന്നു. പ്രതിസന്ധികൾ നിറഞ്ഞ കാലഘട്ടത്തിൽ അടിച്ചമർത്തപ്പെട്ടിരുന്നവർക്കു നേർവഴി കാട്ടുകയും അർപ്പണബുദ്ധിയോടുകൂടിയ കർമ്മത്തിനു പ്രാധാന്യം നൽകി ഒരു നവയുഗസൃഷ്ടിക്കായി അടിത്തറയിടുകയും ചെയ്ത മനുഷ്യസ്നേഹികളുടെയും ക്രൈസ്തവ മിഷനറിമാരുടെയും ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ കാണുകയും സഭാസമൂഹങ്ങളുടെ ചരിത്രപരമായ വിവരങ്ങൾ ഭാവിതലമുറയ്ക്കുവേണ്ടി എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. അതിനുള്ള ഒരു എളിയ ശ്രമമാണ് ഇവിടെ നടത്തുന്നത്.

ഇതിന്റെ രചനയ്ക്കായി നിരവധി വിശിഷ്ട ഗ്രന്ഥങ്ങൾ, സുവനീറുകൾ, രജിസ്റ്ററുകൾ, കത്തുകൾ, റിപ്പോർട്ടുകൾ മുതലായവ പരിശോധിക്കുകയും ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ച് വിവിധ തലങ്ങളിലുള്ള നാന്നൂറ്റിയൻപതിലധികം വ്യക്തികളിൽനിന്ന് നേരിട്ടും കത്തിലൂടെയും ഫോണിലൂടെയും ഇ-മെയിലിലൂടേയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇടവകാസമൂഹങ്ങളുടെ ചരിത്രരചനയ്ക്കാവശ്യമായ വസ്തുതകളെക്കുറിച്ചു സെമിനാർ നടത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ ഇടവകകളിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു. നൂറ്റിനാല്പതോളം ഇടവകാസമൂഹങ്ങൾ സംക്ഷിപ്തചരിത്രം തയ്യാറാക്കി നൽകി. മുപ്പതോളം പള്ളികളുടെ ലഘുചരിത്രം അതാതു സ്ഥലങ്ങൾ സന്ദർശിച്ചും രേഖകൾ പരിശോധിച്ചും തയ്യാറാക്കി. വാമനപുരത്തും സമീപപ്രദേശങ്ങളിലുമുള്ള ഏതാനും പള്ളികളെ സംബന്ധിക്കുന്ന വിവരങ്ങൾ നൽകിയത് ശ്രീ. എൻ. ദേവദാസ് ആണ്. ശേഷിച്ച അൻപത്തിയഞ്ചോളം പള്ളികളെക്കുറിച്ചുള്ള വിവരങ്ങൾ അതാതിടങ്ങളിൽ പോയി ശേഖരിച്ചത് ബ്രദർ ഷിബു, ബ്രദർ സുരേഷ് ബാബു എന്നിവരാണ്.

ഏതാനും ദേവാലയങ്ങളുടെ ഉത്ഭവവും വളർച്ചയുമായി ബന്ധപ്പെട്ട പ്രസക്തമായ രേഖകൾ നശിച്ചുപോയതിനാലും ഉള്ളവ മുഴുവൻ നേരിൽകണ്ട് സൂക്ഷ്മമായി പഠിച്ച് ബോദ്ധ്യപ്പെടുവാൻ സാധിച്ചിട്ടില്ലാത്തതിനാലും തയ്യാറാക്കി നൽകിയവ പലതും പൂർണ്ണമല്ലാത്തിനാലും ചില ഭാഗങ്ങളിൽ പരാമർശിക്കുന്ന പേരുകൾ, ആണ്ടുകൾ, തീയതികൾ, കാലയളവുകൾ, സംഭവങ്ങൾ മുതലായവ തീർത്തും കുറ്റമറ്റതാണെന്നു പറയുവാൻ നിർവാഹമില്ല. രേഖകളുടെ അഭാവംമൂലമുണ്ടായ ചേർച്ചയില്ലായ്മ ഈ

രചനയുടെ പലഭാഗങ്ങളിലും ദൃശ്യമായേക്കാം. എങ്കിലും ആവുന്നത്ര വിവരങ്ങൾ ശേഖരിക്കുവാനും ചരിത്രപ്രസക്തമായവ മാത്രം ഇതിൽ ഉൾക്കൊള്ളിക്കുവാനും അങ്ങേയറ്റം സത്യസന്ധതയും യാഥാർത്ഥ്യ ബോധവും പുലർത്തുവാനും ശ്രദ്ധിച്ചിട്ടുണ്ട്. പോരായ്മകൾ സദയം ചൂണ്ടിക്കാണിക്കുകയും വിട്ടുപോയ വിവരങ്ങൾ ശേഖരിച്ചു നൽകുകയും ചെയ്താൽ പരിഷ്കരിച്ച പതിപ്പ് കുറ്റമറ്റതാക്കാൻ സാധിക്കും. അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതാർഹമായിരിക്കും.

ആറും ഏഴും ഭാഗങ്ങളിൽ പ്രതിപാദിക്കുന്ന ഇടവകാസമൂഹങ്ങളെയും സന്യാസസഭാസമൂഹങ്ങളെയും കുറിച്ചുള്ള സംക്ഷിപ്ത ചരിത്രത്തിന്റെ ഡി.റ്റി.പി. പ്രിന്റ് അതാതിടങ്ങളിലെ വികാരിമാർക്കും സുപ്പീരിയർമാർക്കും അയച്ചുകൊടുക്കുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം പ്രസക്തമായ വിവരങ്ങൾ വിട്ടുപോവുകയോ പിശകുകൾ സംഭവിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വൈദികർക്കും സന്യസ്തർക്കും അൽമായർക്കും പരിശോധിക്കുന്നതിനായി ഈ ഗ്രന്ഥത്തിന്റെ മുഴുവൻ ഡി.റ്റി.പി. പ്രിന്റിന്റെ കോപ്പി എഡിറ്റോറിയൽ ബോർഡിന്റെ തീരുമാനപ്രകാരം ഓരോ ഫൊറോനാ വികാരിക്കും നൽകുകയും നിശ്ചിതസമയത്തിനുള്ളിൽ ലഭ്യമായ തിരുത്തലുകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലപരിമിതിമൂലം പള്ളികളുടെയും സന്യാസഭവനങ്ങളുടെയും സംക്ഷിപ്ത ചരിത്രം മാത്രമേ ഇതിൽ ചേർത്തിട്ടുള്ളു. വിശദമായ പഠനം നടത്തി ഓരോന്നിനും പ്രത്യേക ചരിത്രഗ്രന്ഥം തയ്യാറാക്കുകയാണെങ്കിൽ അവയുടെ പശ്ചാത്തലവും വളർച്ചയ്ക്കുവേണ്ടി വിയർപ്പൊഴുക്കിയ വ്യക്തികളെയും സംഭവങ്ങളെയും കുറിച്ചുള്ള വ്യക്തമായ ചിത്രവും ലഭ്യമാകും.

ഇതിന്റെ ഉള്ളടക്കത്തെ സൗകര്യാർത്ഥം എട്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. സുവിശേഷസന്ദേശം കേരളക്കരയിൽ എത്തിയതുമുതൽ നെയ്യാറ്റിൻകര രൂപതാസ്ഥാപനത്തിനു മുമ്പുവരെയുള്ള കാര്യങ്ങളാണ് ഒന്നാംഭാഗത്തിലെ പ്രതിപാദ്യം. നെയ്യാറ്റിൻകര രൂപതയുടെ മത-സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പശ്ചാത്തലമാണ് രണ്ടാംഭാഗത്ത്. വിദേശീയരുടെയും സ്വദേശീയരുടെയും മിഷൻപ്രവർത്തനം മൂന്നാംഭാഗത്തും നെയ്യാറ്റിൻകര രൂപതയിലെ സുവിശേഷവൽക്കരണവും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും നാലാംഭാഗത്തും ചേർത്തിരിക്കുന്നു. അടിസ്ഥാന ക്രൈസ്തവസമൂഹങ്ങൾ, ശുശ്രൂഷാസമിതികൾ, സംഘടനകൾ മുതലായവയാണ് അടുത്തഭാഗത്ത്. ഏറ്റവും വലുതാണ് ആറാം ഭാഗം. രൂപതയിൽ ഇപ്പോൾ നിലവിലുള്ള ഏഴു ഫൊറോനകളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിരിക്കുന്ന ദേവാലയങ്ങളുടെ ചരിത്രമാണത്. ചില ഇടവകകളിൽ വികാരിമാരായും സഹവികാരിമാരായും പ്രവർത്തിച്ചിരുന്ന വൈദികരെക്കുറിച്ച് കൃത്യമായ വിവരം ലഭിക്കാത്തതിനാൽ അവരുടെ പേരുകളും കാലഘട്ടവും ചേർത്തിട്ടില്ല. ലഭ്യമായ പലതിനും രേഖകളുടെ അഭാവമുണ്ട്. സന്യാസ സഭകളുടെയും ഭവനങ്ങളുടെയും ചരിത്രമാണ് ഏഴാം ഭാഗത്ത്. രൂപതയുമായി ബന്ധപ്പെട്ട പൊതുവിവരങ്ങൾ എട്ടാംഭാഗത്ത് ചേർത്തിരിക്കുന്നു. വായനക്കാർക്ക് കൂടുതൽ വിവരങ്ങൾ ലഭ്യമാകാനുതകുന്നതരത്തിൽ ഒരോ ഭാഗവും അവസാനിക്കുന്നിടത്ത് റഫറൻസ് ഗ്രന്ഥങ്ങളും കുറിപ്പുകളുമുണ്ട്. ബന്ധപ്പെട്ട ചാർട്ടുകളും സ്ഥിതിവിവരക്കണക്കുകളും അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടാതെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ഗ്രന്ഥസൂചിയുമുണ്ട്.

ഈ ചരിത്രഗ്രന്ഥം രൂപപ്പെടുത്തുന്നതിൽ സഹകരിച്ച നിരവധി ശ്രേഷ്ഠവ്യക്തികളുണ്ട്. അവരുടെയെല്ലാം പേരെടുത്തുപറയുക അസാധ്യമാണെങ്കിലും ചിലരെയെങ്കിലും ഇവിടെ സ്മരിക്കാതിരിക്കുന്നത് ഉചിതമല്ല. മഹത്തായ ഈ സംരംഭത്തിന് പ്രോത്സാഹനവും അനുഗ്രഹാശിസുകളും നൽകി, നെയ്യാറ്റിൻകര രൂപതാമെത്രാൻ റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ. ഡി.റ്റി.പി. പ്രിന്റ് വായിച്ച് ഭേദഗതികൾ നിർദ്ദേശിക്കുകയും ഈടുറ്റ ഒരു അവതാരിക എഴുതി ഇതിനെ ധന്യമാക്കുകയും ചെയ്ത അഭിവന്ദ്യ പിതാവിന് നന്ദിയുടെ നറുമലരുകൾ. ബൃഹത്തായ ഈ പദ്ധതി ഒരു വെല്ലുവിളിയായി സ്വീകരിച്ച് നിഡ്സിന്റെ ഡയറക്ടർ എന്ന നിലയിലും പിന്നീട് വികാരി ജനറൽ എന്നനിലയിലും ഒരു പ്രേരകശക്തിയായിരുന്നു, റൈറ്റ് റവ. മോൺ. ജി. ക്രിസ്തുദാസ്. രൂപതാചരിത്രരചന എന്ന ആശയം മുളയെടുത്ത

തുമുതൽ നിരന്തരം ഇതിന്റെ പുരോഗതി വിലയിരുത്തുകയും യഥാസമയം ആവശ്യമായ ക്രമീകരണങ്ങൾ നടത്തി എല്ലാവിധ സഹായസഹകരണങ്ങൾ നൽകുകയും ഡി.റ്റി.പി. പ്രിന്റ് വായിച്ച് തിരുത്തലുകൾ നിർദ്ദേശിക്കുകയും ചെയ്ത അഭിവന്ദ്യ മോൺസിഞ്ഞോറിന് കൃതജ്താനിർഭരമായ കൂപ്പുകൈ.

കേരള സർവ്വകലാശാലയിൽ ചരിത്രവിഭാഗം മേധാവിയായിരിക്കുന്ന ഡോ. ബി. ശോഭനന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇടയ്ക്കിടെയുണ്ടായ സംശയനിവാരണത്തിനും ഡി.റ്റി.പി. പ്രിന്റ് വായിച്ച് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നതിനും അദ്ദേഹം സമയം കണ്ടെത്തി. നേരിട്ടും ഫോണിലൂടെയും വിവരങ്ങൾ നൽകുകയും സംശയങ്ങൾ ദൂരീകരിക്കുകയും ഡി.റ്റി.പി. പ്രിന്റ് വായിച്ച് തിരുത്തലുകൾ നിർദ്ദേശിക്കുകയും ചെയ്തു, ആലുവ പൊന്തിഫിക്കൽ സെമിനാരി റെക്ടർ റവ.ഡോ.സെൽവിസ്റ്റർ പൊന്നുമുത്തൻ. രചനയുമായി ബന്ധപ്പെട്ട് ഇടയ്ക്കിടെയുണ്ടാകുന്ന മീറ്റിംഗുകളിൽ ചിന്തോദ്ദീപകമായ അഭിപ്രായപ്രകടനം നടത്തുകയും സഹായസഹകരണങ്ങൾ നൽകുകയും ചെയ്ത് ഒപ്പമുണ്ടായിരുന്നു, നിഡ്സ് ഡയറക്ടർ ഫാ. ഡി. ഷാജ്കുമാർ. വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകി പ്രോത്സാഹിപ്പിച്ചു, കേരള സംസ്ഥാന ആർക്കൈവ്സിന്റെ മുൻ ഡയറക്ടർ പ്രൊഫ. എസ്. റെയ്മൺ. താങ്ങും തണലുമായി ഇതിനു പിന്നിലുണ്ടായിരുന്ന ഈ ആദരണീയ വ്യക്തികളോടുള്ള നിസ്സീമമായ കടപ്പാട് ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഇതിനോടു സഹകരിച്ചവരായി എടുത്തുപറയത്തക്ക വ്യക്തികൾ ഇനിയും നിരവധിയുണ്ട്. മുൻ വികാരി ജനറൽ റൈറ്റ് റവ. മോൺ. ജെയിംസ് എ., ലത്തീനിലുള്ള ഏതാനും രേഖകൾ തർജ്ജമ ചെയ്തു തരികയും നെടുമങ്ങാട് മേഖലയിലെ ഇടവകകളെക്കുറിച്ചുള്ള ചില വിവരങ്ങൾ നൽകുകയും ചെയ്ത വെരി റവ. ഫാ. ഫ്രാൻസിസ് നീറ്റാണി, ചില പൊതുവിവരങ്ങൾ നൽകിയ പ്രൊഫ. നേശൻ റ്റി. മാത്യു, നെടുമങ്ങാട് മേഖലയിലെ മിഷൻ പ്രവർത്തനത്തെ സംബന്ധിച്ച് ഡി.റ്റി.പി. പ്രിന്റിൽ വിട്ടുപോയ ചില വിവരങ്ങൾ നൽകിയ ശ്രീ. ജയപ്രകാശ് ബി.ജി., രൂപതയിലെ സ്കൂളുകളെ സംബന്ധിക്കുന്ന വിവരങ്ങൾ നൽകിയ ശ്രീ. യോഹന്നാൻ ജെ., വിരമിക്കുകയോ മരിച്ചുപോവുകയോ ചെയ്ത ഉപദേശിമാരെക്കുറിച്ചുള്ള വിവരങ്ങൾ നൽകിയ ശ്രീ. ദേവദാസൻ സി., ശ്രീ. മാനുവൽ വൈ., ശ്രീ. ഭാസ്കരൻ ആർ. എന്നിവർ, ഇതിന്റെ ഡി. റ്റി.പി. പ്രിന്റ് വായിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തിയ വെരി റവ. ഫാ. വിൻസെന്റ് കെ.ജെ., വെരി.റവ.ഫാ. ജോസ് കുഴിഞ്ഞാലിൽ, റവ.ഫാ.ഡേവിഡ് വേങ്ങനിന്ന വൈ., റവ. ഫാ. പോൾ എ.എസ്., ശ്രീ. ജോർജ് ജോസഫ്, ശ്രീ. സേവ്യർ എസ്., ശ്രീ. രാജു ഡി., റവ. ഫാ. ജസ്റ്റിൻ ഡി.ഇ., ബ്രദർ രാഹുൽ ബി. ആന്റോ ......... ഇങ്ങനെ പോകുന്നു ആ പേരുകൾ. എല്ലാവർക്കും കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ. രൂപതയിലെ എല്ലാ വൈദികരുടെയും കന്യാസ്ത്രീകളുടെയും ഉപദേശിമാരുടെയും ബി.സി.സി.- അജപാലന - വിദ്യാഭ്യാസ - സാമൂഹിക - സന്യസ്ത ശുശ്രൂഷാസമിതികളിലെ ഭാരവാഹികളുടെയും ഓഫീസ് ജീവനക്കാരുടെയും വിവരങ്ങൾ നൽകിയ മാന്യവ്യക്തികളുടെയും നിർലോഭമായ സഹകരണം ഇത്തരുണത്തിൽ നന്ദിപൂർവ്വം സ്മരിച്ചുകൊള്ളട്ടെ. ഇതിന്റെ ഡി.റ്റി.പി. ജോലി നിർവ്വഹിച്ച ശ്രീ. എ. ജോയിക്കും ഫോട്ടോകൾ എടുത്ത ശ്രീ.വി.ആർ.സന്തോഷ്, ശ്രീ. ജോൺ പി. എന്നിവർക്കും ഓഫീസ് ജോലികളിൽ സഹകരിച്ച ശ്രീ. പി. ജോണിക്കും കവർ ഡിസൈൻ ചെയ്ത ശ്രീ. സാം ഐസക്കിനും ഭാഷാപരമായ മിനുക്കുപണികൾ ചെയ്തുതന്ന ഡോ. എം. ലീലാകുമാരിക്കും അച്ചടി ഭംഗിയായി നിർവ്വഹിച്ച ഗ്രേസ് പ്രിന്റേഴ്സിലെ ജീവനക്കാർക്കും ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച മറ്റെല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

തന്റെ അന്ത്യനാളുകളിൽ ഓർമ്മയുടെ കിളിക്കൂട് തുറക്കുകയും ഈ ഗ്രന്ഥം വിരചിതമായി കാണുവാൻ ഏറെ ആഗ്രഹിക്കുകയും ചെയ്തുവെങ്കിലും അതിനുമുമ്പ് അനശ്വര ഓർമ്മയായ മോൺ. എസ്. തോമസിന്റെ പാവനസ്മരണയ്ക്കു മുന്നിൽ ശിരസ്സു നമിക്കുന്നു. സുവിശേഷസാക്ഷ്യത്തിലൂടെ ഇന്നാട്ടിലെ ജനങ്ങൾക്കു നേതൃത്വം നൽകി അവരെ കൈപിടിച്ചുയർത്തിയതിനുശേഷം

കാലയവനികയ്ക്കുള്ളിൽ മറഞ്ഞ വിദേശീയരും സ്വദേശീയരുമായ വൈദികർക്കും സന്യാസിനികൾക്കും ഉപദേശിമാർക്കും മറ്റു ശ്രേഷ്ഠവ്യക്തികൾക്കും സ്മരണാഞ്ജലിയർപ്പിക്കുന്നു.

ചരിത്രം അനുസ്യൂതമായ ഒരു പ്രവാഹമാണ്. ഒരു ജനതയുടെ സംസ്കാരത്തിന്റെയും വളർച്ചയുടെയും പ്രതിഫലനമാണത്. ഇന്നലെയിൽനിന്ന് ഇന്നിലേക്കും ഇന്നിൽനിന്ന് നാളെയിലേക്കും അതു നീളുന്നു. സാർവത്രികസഭയുടെയും തെക്കൻതിരുവിതാംകൂറിന്റെയും പശ്ചാത്തലത്തിൽനിന്നുകൊണ്ട് നെയ്യാറ്റിൻകര ലത്തീൻകത്തോലിക്കാ രൂപതയെ സൂക്ഷ്മമായി കാണുവാൻ ശ്രമിക്കുകയാണ് ഈ രചനയിലൂടെ. നൂറ്റാണ്ടുകളുടെ ചരിത്രമുറങ്ങുന്ന കേരളമണ്ണിൽ സുവിശേഷവെളിച്ചത്താൽ പ്രചോദിതരായി തനതായ വ്യക്തിമുദ്രപതിച്ചു കടന്നുപോയ മഹാരഥന്മാരുടെ ജീവിതവും ദർശനവും ഉൾക്കൊള്ളാനും അവിടെനിന്ന് ആവേശപൂർവം പണിതുയർത്താനും പുതിയ തലമുറയ്ക്ക് ഇതു പ്രചോദനമേകുന്നുവെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി. ഈ ഗ്രന്ഥം പൂർണ്ണമാണെന്നോ കുറ്റമറ്റതാണെന്നോ അവകാശപ്പെടുന്നില്ല. അറിയപ്പെടാത്ത എത്രയോ വസ്തുതകൾ ഇനിയുമുണ്ടാകാം. വ്യക്തമായ രേഖകളുടെ അഭാവംമൂലം വിട്ടുപോവുകയോ പിശകുപറ്റുകയോ ചെയ്തവയുമുണ്ടാകാം. അവകൂടെ കൃത്യമായി ചേർത്തുവയ്ക്കുമ്പോൾ മാത്രമേ ഇതിനു പൂർണ്ണത ഉണ്ടാവുകയുള്ളു. പോരായ്മകൾ സദയം ക്ഷമിക്കുക.

മഹത്തായ ഈ സംരംഭത്തിന് നിരന്തരം പ്രകാശം ചൊരിഞ്ഞ ജഗദീശ്വരന് കൂപ്പുകൈകൾ അർപ്പിച്ചുകൊണ്ടും ഇതിനോടു സഹകരിച്ച എല്ലാവർക്കും ഒരിക്കൽകൂടെ നന്ദിയർപ്പിച്ചുകൊണ്ടും ഇതിന്റെ താളുകൾ അനുവാചകസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

സ്നേഹാദരങ്ങളോടെ

പത്രാധിപസമിതിക്കുവേണ്ടി

**പി.ദേവദാസ്**

**ചീഫ് എഡിറ്റർ**

നെയ്യാറ്റിൻകര

01. 05. 2009.

# താളുകൾ മറിക്കുമ്പോൾ


പേജ് നമ്പർ

അവതാരിക xi

ആമുഖം xii

1. **സാർവത്രികസഭ** 01-20

(i) കത്തോലിക്കാസഭ ഭാരതത്തിൽ
(ii) കത്തോലിക്കസഭ കേരളത്തിൽ
(iii) കൊല്ലം ക്രിസ്ത്യാനികൾ
(iv) വിശുദ്ധ ഫ്രാൻസിസ് സേവ്യർ
(v) ഈശോസഭാ മിഷനറിമാർ
(vi) നേമം മിഷൻ
(vii) ദേവസഹായം പിള്ള
(viii) കൊല്ലം രൂപതാ പുന:സ്ഥാപനം
(ix) കർമ്മലീത്താ മിഷനറിമാർ
(x) തിരുവനന്തപുരം രൂപതാസ്ഥാപനം
(xi) നെയ്യാറ്റിൻകര ലത്തീൻരൂപതാസ്ഥാപനം
റഫറൻസ് ഗ്രന്ഥങ്ങളും കുറിപ്പുകളും

2. **നെയ്യാറ്റിൻകര ലത്തീൻരൂപതയുടെ സാമൂഹ്യ–സാംസ്കാരിക പശ്ചാത്തലം** 21-57

(എ) മത-സാംസ്കാരിക പശ്ചാത്തലം
(ബി) സാമൂഹ്യ പശ്ചാത്തലം
(i) ജന്മി വ്യവസ്ഥിതി
(ii) ജാതി വ്യവസ്ഥ
(iii) നെയ്യാറ്റിൻകര രൂപത ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രധാന ജാതികൾ
(എ) ബ്രാഹ്മണർ
(ബി) നായർ
(സി) നാടാർ
(ഡി) ഈഴവർ
(ഇ) മുക്കുവർ
(എഫ്) ദലിതർ
(ജി) ആദിവാസികൾ
(എച്ച്) സുറിയാനി ക്രിസ്ത്യാനികൾ
(iv) തൊഴിലുകൾ
(എ) കർഷകർ
(ബി) മൽസ്യത്തൊഴിലാളികൾ
(സി) പനകയറ്റു തൊഴിലാളികൾ
(ഡി) നിർമ്മാണത്തൊഴിലാളികൾ
(ഇ) തോട്ടം തൊഴിലാളികൾ
(എഫ്) കശുവണ്ടിത്തൊഴിലാളികൾ
(ജി) കടകളിലും വർക്ക്ഷോപ്പുകളിലും ജോലിചെയ്യുന്നവർ
(എച്ച്) സ്വയംതൊഴിൽ ചെയ്യുന്നവർ

(ഐ) സർക്കാർ, അർദ്ധസർക്കാർ, സഹകരണ മേഖലകളിൽ ജോലിചെയ്യുന്നവർ
(ജെ) മറ്റു തൊഴിലുകൾ ചെയ്യുന്നവർ
(v) മിഷനറിമാരുടെ സാമൂഹ്യ സേവനം
(vi) ജോലിക്ക് കൂലി സമരം
(vii) അടിമക്കച്ചവട നിരോധനം
(viii) നാടാർ ലഹള
(ix) വിദ്യാഭ്യാസം
(x) പ്രൊട്ടസ്റ്റന്റ് മിഷനറിമാർ
(xi) മിഷനറിമാരുടെ ഭാഷാസേവനം
(xii) സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ
(xiii) നവോത്ഥാന നായകന്മാർ
(എ) വൈകുണ്ഠ സ്വാമികൾ
(ബി) മോശവൽസലം ശാസ്ത്രികൾ
(സി) ശ്രീനാരായണഗുരു
(ഡി) ചട്ടമ്പിസ്വാമികൾ
(ഇ) ശ്രീ അയ്യൻകാളി
(എഫ്) സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള
(ജി) ഇതര നായകന്മാർ
(xiv) ക്ഷേത്രപ്രവേശന വിളംബരം
(xv) കേരളപ്പിറവിയും കന്യാകുമാരി ജില്ലയും
റഫറൻസ് ഗ്രന്ഥങ്ങളും കുറിപ്പുകളും

**3. മിഷൻ പ്രവർത്തനം** 58-79

(i) വിദേശ മിഷനറിമാർ
(ii) ബിഷപ് ബൻസിഗർ
(iii) ഇതര കർമ്മലീത്താ മിഷനറിമാർ
(iv) തദ്ദേശീയ മിഷനറിമാർ
(v) ഉപദേശിമാർ
റഫറൻസ് ഗ്രന്ഥങ്ങളും കുറിപ്പുകളും

**4. നെയ്യാറ്റിൻകര രൂപത** 80-95

(i) അഭിവന്ദ്യ വിൻസെന്റ് സാമുവൽ പിതാവ്
(ii) നെയ്യാറ്റിൻകര രൂപതാസ്ഥാപനം സംബന്ധിച്ച കല്പന
(iii) മെത്രാന്റെ നിയമനം സംബന്ധിച്ച കല്പന
(iv) അമലോത്ഭവമാതാ ഭദ്രാസന ദേവാലയം, നെയ്യാറ്റിൻകര
(v) നെയ്യാറ്റിൻകര രൂപതയിലെ സുവിശേഷവല്ക്കരണം
(vi) നെയ്യാറ്റിൻകര മിഷൻ ഡിസ്ട്രിക്ട്
(vii) ശ്രേഷ്ഠ മിഷൻ പ്രവർത്തകർ
(viii) വികസന പ്രവർത്തനങ്ങൾ

**5. അടിസ്ഥാന ക്രൈസ്തവ സമൂഹവും ശുശ്രൂഷാസമിതികളും** 96-106

(i) അടിസ്ഥാന ക്രൈസ്തവ സമൂഹം (ബി.സി.സി.)
(ii) അജപാലന ശുശ്രൂഷാ സമിതി
(iii) വിദ്യാഭ്യാസ ശുശ്രൂഷാ സമിതി

(iv) സാമൂഹ്യ ശുശ്രൂഷാ സമിതി
(v) വൈദിക-സന്യസ്ത പരിശീലന ശുശ്രൂഷാ സമിതി
(vi) സാമ്പത്തിക ശുശ്രൂഷാ സമിതി
(vii) ഇതര സമിതികൾ
(viii) സംഘടനകൾ

**6. നെയ്യാറ്റിൻകര രൂപതയിലെ ഇടവകകൾ** 107-319

**(1) നെയ്യാറ്റിൻകര ഫൊറോന**

**1.1.നെയ്യാറ്റിൻകര** 1.1.1.പുന്നക്കാട് 1.1.2.വഴുതൂർ **1.2.കമുകിൻകോട്** 1.2.1.അത്താഴമംഗലം 1.2.2.അരങ്കമുകൾ 1.2.3.മണലുവിള 1.2.4.ഓലിക്കോട് **1.3.ബാലരാമപുരം** **1.4.മുള്ളുവിള** 1.4.1.ഓലത്താന്നി 1.4.2.പട്യക്കാല **1.5.അമ്മാനിമല** 1.5.1.തുമ്പോട്ടുകോണം **1.6.നേമം** 1.6.1.പള്ളിച്ചൽ 1.6.2.അയണിമൂട് **1.7.മംഗലത്തുകോണം** 1.7.1.ഐത്തിയൂർ 1.7.2മൈലമൂട് 1.7.3.കോട്ടുകാൽക്കോണം **1.8.പത്താംകല്ല്** 1.8.1.കല്ലമ്പലം **1.9.നെല്ലിമൂട്** 1.9.1.കണ്ണറവിള 1.9.2.കാഞ്ഞിരംകുളം **1.10.കിടാരക്കുഴി** 1.10.1.പയറ്റുവിള 1.10.2.തെക്കുത്തേരി 1.10.3.പനവിള 1.10.4.നെട്ടത്താന്നി 1.10.5.തെന്നൂർക്കോണം **1.11.പുത്തൻകട** 1.11.1.പത്തനാവിള 1.11.2.ക്രൈസ്റ്റ് നഗർ

**(2) വ്ളാത്താങ്കര ഫൊറോന**

**2.1.വ്ളാത്താങ്കര** 2.1.1.കുഴിച്ചാണി 2.1.2.കുന്നൻവിള **2.2.പാറശ്ശാല** 2.2.1.ഇടിച്ചക്കപ്ളാമൂട് 2.2.2.നെടുങ്ങോട് **2.3.ഉച്ചക്കട** 2.3.1.കുളത്തൂർ 2.3.2.കാരോട് 2.3.3.വെൺകുളം **2.4.ആറയൂർ** 2.4.1.പോരന്നൂർ 2.4.2.പൊൻവിള **2.5.മരിയാപുരം** **2.6.നെടുവാൻവിള** 2.6.1.ചിറക്കോണം **2.7.ഉദിയൻകുളങ്ങര** 2.7.1.അമരവിള 2.7.2.കൊറ്റാമം **2.8.അയിര** 2.8.1.നെടുവിള 2.8.2.എസ്.എം.നഗർ **2.9.വട്ടവിള** 2.9.1.തിരുപുറം **2.10.ആറ്റുപുറം** 2.10.1.പുത്തൻവിള 2.10.2.കുന്നുവിള **2.11.വലിയവിള** 2.11.1.വെട്ടുകാട്

**(3) ഉണ്ടൻകോട് ഫൊറോന**

**3.1.ഉണ്ടൻകോട്** 3.1.1.വേങ്കോട് 3.1.2.ത്രേസ്യാപുരം 3.1.3.കൈവൻകാല 3.1.4.കാരക്കോണം **3.2.മണിവിള** 3.2.1.നെടിയാംകോട് 3.2.2.കടയിവിള 3.2.3.മഞ്ചവിളാകം **3.3. കിളിയൂർ** 3.3.1.മുള്ളിലവുവിള 3.3.2.കള്ളിമൂട് 3.3.3.കരിമ്പുമണ്ണടി **3.4.മാരായമുട്ടം** 3.4.1.ഇടഞ്ഞി 3.4.2.ഇരുമ്പിൽ **3.5.കീഴാറൂർ** 3.5.1.ആങ്കോട് 3.5.2.തോട്ടവാരം **3.6.വാഴിച്ചൽ** 3.6.1.ചെട്ടിക്കുന്ന് 3.6.2.പേരെക്കോണം 3.6.3.തൊളിക്കോട്ടുകോണം **3.7.ചെമ്പൂർ** 3.7.1.മൈലച്ചൽ 3.7.2.ചിലമ്പറ 3.7.3.മൊട്ടലുംമൂട് 3.7.4.പാണ്ടിയാംപാറ 3.7.5.മീനാവോട് **3.8.പാലിയോട്** 3.8.1.താന്നിക്കുഴി 3.8.2.ചാമവിള **3.9.ആനപ്പാറ** 3.9.1.അടീക്കലം 3.9.2.പനച്ചമൂട് **3.10.കണ്ടൻതിട്ട** 3.10.1.നെയ്യാർ ഡാം 3.10.2.കുറിച്ചി 3.10.3.കുട്ടമല **3.11.മണ്ണൂർ** 3.11.1.തത്തിയൂർ 3.11.2.ആനാവൂർ **3.12.കുരിശുമല** 3.12.1.കൊല്ലകോണം 3.12.2.കൂട്ടപ്പു

**(4) കട്ടയ്ക്കോട് ഫൊറോന**

**4.1.കട്ടയ്ക്കോട്** 4.1.1.പൂവച്ചൽ 4.1.2.കാരോട് 4.1.3.മലപ്പനംകോട് 4.1.4.മാതാനഗർ 4.1.5.പുതുവയ്ക്കൽ **4.2.തൂങ്ങാംപാറ** 4.2.1.കൊറ്റംപള്ളി **4.3.അന്തിയൂർക്കോണം** 4.3.1.ശാന്തുമ്മൂല 4.3.2.കുരുവിൻമുകൾ 4.3.3.മണപ്പുറം **4.4.മുതിയാവിള** 4.4.1.പട്ടകുളം 4.4.2.കാട്ടാക്കട 4.4.3.ചന്ദ്രമംഗലം 4.4.4.കുളത്തോട്ടുമല **4.5.പേയാട്** 4.5.1.മൈലോടി 4.5.2.മിണ്ണംകോട് 4.5.3.പുളിയറക്കോണം **4.6.മാറനല്ലൂർ** 4.6.1.വേലിക്കോട് 4.6.2.കളത്തുവിള 4.6.3.ചീനിവിള 4.6.4.മേലാരിയോട് **4.7.കൊല്ലോട്** 4.7.1.അരുവിക്കുഴി 4.7.2.കൈതംകുഴി 4.7.3.കരുവിലാഞ്ചിക്കുഴി **4.8.ഈഴക്കോട്** 4.8.1.വിളവൂർക്കൽ 4.8.2.ചൂഴാറ്റുകോട്ട **4.9.മണ്ഡപത്തിൻകടവ്** 4.9.1.ചെമ്പനാകോട് 4.9.2.ആമച്ചൽ 4.9.3.കുരുതംകോട് **4.10.ഈരാറ്റിൻപുറം** 4.10.1.കോടന്നൂർ 4.10.2.മാന്തറ 4.10.3.വെളിയംകോട്

**(5) ചുള്ളിമാനൂർ ഫൊറോന**

**5.1.ചുള്ളിമാനൂർ** 5.1.1.ആലംകോട് 5.1.2.പനയമുട്ടം 5.1.3.വാഴവിള **5.2.തേവൻപാറ** 5.2.1.മന്നൂർക്കോണം 5.2.2തോട്ടുമുക്ക് **5.3.വിതുര** 5.3.1.പൊൻമുടി 5.3.2.ബോണക്കാട് 5.3.3.മരുതമല 5.3.4.തെന്നൂർ. 5.3.5.കുളച്ചിക്കര **5.4.പേരയം** 5.4.1.നന്ദിയോട് 5.4.2.താന്നിമൂട് **5.5.പാലോട്** 5.5.1.ബ്രൈമൂർ 5.5.2.ഇടിഞ്ഞാർ

5.5.3.ഭരതന്നൂർ **5.6.പനയ്ക്കോട്** 5.6.1.പന്നിക്കോണം 5.6.2.വാലുക്കോണം 5.6.3.കുരിയാത്തി 5.6.4.കാഞ്ഞിരംപാറ **5.7.കാൽവരി** 5.7.1.കുറുപുഴ 5.7.2.പച്ചമല 5.7.3.പേരില

**(6) നെടുമങ്ങാട് ഫൊറോന**

**6.1.നെടുമങ്ങാട്** 6.1.1.പത്താംകല്ല് 6.1.2.കല്ലിയോട് 6.1.3.വെള്ളൂർക്കോണം **6.2.വട്ടപ്പാറ** 6.2.1.കൊടിക്കുന്ന് 6.2.2.നെടുവേലി 6.2.3.കൊപ്പം 6.2.4.വട്ടക്കരിക്കകം 6.2.5.കല്ലയം 6.2.6.വേങ്കോട്. **6.3.മൈലം** 6.3.1.കളത്തുകാൽ 6.3.2.കരകുളം 6.3.3.ചെറിയകൊണ്ണി **6.4.അരുവിക്കര** 6.4.1.പുന്നക്കുന്ന് 6.4.2.കരുമരക്കോട് 6.4.3.ഇടമൺമുകൾ **6.5.താന്നിമൂട്** 6.5.1.നരിക്കൽ 6.5.2.പൂവത്തൂർ **6.6.മാണികൃപുരം** 6.6.1.ഏലിയാപുരം 6.6.2.ഇടമല **6.7.വാമനപുരം** 6.7.1.പനങ്ങോട് 6.7.2.കുറ്റിമൂട് 6.7.3.വെഞ്ഞാറമൂട് 6.7.4.കീഴായിക്കോണം 6.7.5.വള്ളിക്കടവ് 6.7.6.മിതിർമല 6.7.7. വാമനപുരം ഇടവക - പ്രവർത്തനരഹിതമായ പള്ളികൾ

**(7) ആര്യനാട് ഫൊറോന**

**7.1.ആര്യനാട്** 7.1.1.കുളപ്പട 7.1.2.കവിയാകോട് **7.2.കൊണ്ണിയൂർ** 7.2.1.ഇറയംകോട് 7.2.2.കാനക്കുഴി 7.2.3.മാതളംപാറ **7.3.ഇരിഞ്ചൽ** 7.3.1.ആലമുക്ക് 7.3.2.കൊക്കോട്ടേല **7.4.ചൊവ്വള്ളൂർ** 7.4.1.മരത്തകിടി 7.4.2.കണ്ണംപള്ളി 7.4.3.ചെറുകോട് **7.5.കള്ളിക്കാട്** 7.5.1.മുകുന്ദറ 7.5.2.കൊളവുപാറ 7.5.3.കല്ലാമം **7.6.ചാങ്ങ** 7.6.1.മിത്രനികേതൻ 7.6.2.കുളക്കോട് 7.6.3.കഴക്കുന്ന് **7.7.തച്ചൻകോട്** 7.7.1.ഉത്തരംകോട് 7.7.2.കോട്ടൂർ **7.8.പറണ്ടോട്** 7.8.1.ചേരപ്പള്ളി 7.8.2.മലയംതേരി

റഫറൻസ് ഗ്രന്ഥങ്ങളും കുറിപ്പുകളും

**7. സന്യാസ സഭാ സമൂഹങ്ങളും ഭവനങ്ങളും** 320-348

**(i) സന്യാസി സമൂഹങ്ങൾ/ഭവനങ്ങൾ**

1. ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് 2. മിഷനറീസ് ഓഫ് അവർ ലേഡി ഓഫ് ലാസലെറ്റ് 3. സൊസൈറ്റി ഓഫ് കാത്തലിക് അപ്പോസ്റ്റലേറ്റ് 4. മിഷനറീസ് ഓഫ് ഫ്രാൻസിസ് ഡി സാലസ് 5. ഈശോസഭ 6. ഒബ്ളേറ്റ്സ് ഓഫ് സെന്റ് ജോസഫ് 7. ഇൻസ്റ്റിറ്റ്യൂട്ട് വൊളുന്താസ് ദേയി 8. കോൺഗ്രിഗേഷൻ ഓഫ് മിഷൻ 9. ഫ്രാൻസിസ്കൻ കപ്പൂച്ചിൻ 10. കാർമലൈറ്റ് ഫ്രയേഴ്സ് 11. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാരിറ്റി 12. പിയറിസ്റ്റ് ഫാദേഴ്സ്.

**(ii) സന്യാസിനി സമൂഹങ്ങൾ/ഭവനങ്ങൾ**

1. മരിയാപുരം 2. നെയ്യാറ്റിൻകര 3. പേയാട് 4. മുതിയാവിള 5. ഉച്ചക്കട 6. ഉദിയൻകുളങ്ങര 7. വിരാലി 8. കൊണ്ണിയൂർ 9. ഉണ്ടൻകോട് 10. കീഴാറൂർ 11. കണ്ണറവിള 12. അയിര 13. ചുള്ളിമാനൂർ 14. ചാങ്ങ 15. അന്തിയൂർക്കോണം 16. കട്ടയ്ക്കോട് 17. മാറനല്ലൂർ 18. മൈലം 19. ബാലരാമപുരം 20. വാമനപുരം 21. വട്ടവിള 22. പഴവിള 23. കമുകിൻകോട് 24. ആനപ്പാറ 25. മണിവിള 26. കുഴിച്ചാണി 27. വലിയവിള 28. പാലോട് 29. പേരയം 30. വാഴിച്ചൽ 31. നെടുവാൻവിള 32. പാറശ്ശാല 33. ഇടിച്ചക്കപ്ലാമൂട് 34. ആറയൂർ 35. മാണികൃപുരം 36. വിതുര 37. മണ്ണൂർ 38. വട്ടപ്പാറ 39. അരുവിക്കര 40. തിരുപുറം 41. കല്ലാമം 42. തൂങ്ങാംപാറ 43. ആനപ്പെട്ടി 44. മുള്ളുവിള 45. ആമച്ചൽ 46. തേവൻപാറ 47. തച്ചൻകോട് 48. വെള്ളനാട് 49. പാലിയോട് 50. ആര്യനാട് (ഒബ്ലേറ്റ്സ്) 51. കിളിയൂർ 52. പറണ്ടോട് 53. മംഗലത്തുകോണം 54. വ്ളാത്താങ്കര 55. ആര്യനാട് (സെന്റ് ജെറോം) 56. വെളിയംകോട് 57. പനയ്ക്കോട്

**8. പൊതുവിവരങ്ങൾ** 349-378

**(എ) തീർത്ഥാടനകേന്ദ്രങ്ങൾ**

(i) തെക്കൻ കുരിശുമല (ii)സ്വർഗ്ഗാരോപിതമാതാ തീർത്ഥാടനകേന്ദ്രം, വ്ളാത്താങ്കര (iii) വിശുദ്ധ കൊച്ചുത്രേസ്യാ തീർത്ഥാടനകേന്ദ്രം, തൂങ്ങാംപാറ (iv). ബോണക്കാട് കുരിശുമല

**(ബി) അഭിമാനകേന്ദ്രങ്ങൾ**

(i) സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് സെമിനാരി, പേയാട് (ii) ലോഗോസ് പാസ്റ്ററൽ സെന്റർ (iii) ഇമ്മാനുവൽ കോളേജ്, വാഴിച്ചൽ (iv) ഇമ്മാനുവൽ കോളേജ് ഓഫ് ബി.എഡ്. ട്രെയിനിംഗ്, വാഴിച്ചൽ (v) സെന്റ് സേവ്യേഴ്സ് സെമിനാരി മാറനല്ലൂർ (vi) സമന്വയ വിഷൻ മിഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,

മാറനല്ലൂർ (vii) ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ, അന്തിയൂർക്കോണം (viii) സെന്റ് മേരീസ് ഹൈസ്കൂൾ, കമുകിൻകോട് (ix) സെന്റ് സേവ്യേഴ്സ് ഹയർ സെക്കന്ററി സ്കൂൾ, പേയാട് (x) സെന്റ് ജോൺസ് ഹയർ സെക്കന്ററി സ്കൂൾ, ഉണ്ടൻകോട് (xi) വിമലഹൃദയ സ്കൂൾ, വിരാലി (xii) സെന്റ് തെരേസാസ് ഹയർ സെക്കന്ററി സ്കൂൾ, നെയ്യാറ്റിൻകര (xiii) ഐ.റ്റിസി., മരിയാപുരം (xiv) ഐ.റ്റി.സി., ചുള്ളിമാനൂർ (xv) ഗേൾസ് ഹോം, കൊണ്ണിയൂർ (xvi) ഗേൾസ് ഹോം, ഉണ്ടൻകോട് (xvii) സെന്റർ ഫോർ ഡിഫറന്റ്ലി ഏബിൾഡ്, വട്ടപ്പാറ (xviii)ഹോം ഫോർ ദ ഹാൻഡികേപ്ഡ്, മാറനല്ലൂർ (xix) എച്ച്. ഡബ്ളിയു. എസ്. ഹോസ്പിറ്റൽ, ധനുവച്ചപുരം (xx) നവജീവൻ ഹോം, വെള്ളനാട് (xxi) ഗേൾസ് ഹോം, വിതുര (xxii) ബോയിസ് ഹോം, തേവൻപാറ (xxiii) ബോയിസ് ഹോം, ആര്യനാട് (xxiv) സെന്റർ ഫോർ എക്സലൻസ്, ആര്യനാട് (xxv) ഹോം ഫോർ ദ ഓൾഡ് ആന്റ് ഡെസ്റ്റിറ്റ്യൂട്ട്സ്, ആര്യനാട്.

**(സി) ഇതര കേന്ദ്രങ്ങൾ**

**(ഡി) മൺമറഞ്ഞുപോയ രൂപതാ വൈദികർ**

**(ഇ) മുൻ ഉപദേശിമാർ**

**9. അനുബന്ധം** 379-407

(1) 1937 മുതൽ 1962 വരെ തിരുവനന്തപുരം മിഷനിൽ പ്രവർത്തിച്ചിരുന്ന കർമ്മലീത്താ മിഷനറിമാർ

(2) Latin Catholic Schools, Diocese of Neyyattinkara

(3) List of Catechists - Diocese of Neyyattinkara

(4) ഉപദേശിമാരായി 50 വർഷം സേവനമനുഷ്ഠിച്ചവർ

(5) List of Priests - Diocese of Neyyattinkara

(6) Religious Priests from the Diocese

(7) ഗ്രന്ഥസൂചി